സപ്ലൈകോ സ്ഥാപനങ്ങളിലെ ദിവസവേതന ജോലിക്കാരുടെ വേതനം

215 (1249) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ സ്ഥാപനങ്ങളിലെ ദിവസവേതന ജോലിക്കാർക്ക് നിലവിൽ എത്ര രൂപയാണ് വേതനായി നൽകിവരുന്നത് ;

(ബി) ഇത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) സപ്ലൈകോ ഓട്ട് ലെറ്റുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് പ്രതിദിനം 250 രൂപയാണ് നൽകിവരുന്നത്.

1-4-2015 മുതൽ സപ്ലൈകോയിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഡ്രൈവർ, പെട്രോൾ ബങ്കിലെ ദിവസ വേതനക്കാർ എന്നിവർക്ക് വേതനം വർദ്ധിപ്പിച്ച് നൽകിയത് അനുബന്ധമായി ചേർക്കുന്നു.*

മത്സ്യം, ഇറച്ചി എന്നിവയുടെ വില വർദ്ധനവ്

216 (1250) ശ്രീ. ബാബു. എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണക്കാർക്ക് അപ്രാപ്യമായ വിധത്തിൽ, കടൽമത്സ്യങ്ങളുടെയും കോഴി ഇറച്ചി ഉൾപ്പെടെയുള്ള ഇറച്ചികളുടെയും വില ദിനംപ്രതി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ട്രോളിംഗ് നിരോധത്തിനുമുമ്പുതന്നെ മത്തി, അയല തുടങ്ങിയ ചെറുമത്സ്യങ്ങളുടെ വിലപോലും കുത്തനെ ഉയർന്നത് എന്തുകൊണ്ടാണ് എന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) മത്സ്യം, ഇറച്ചി എന്നിവയുടെ വില അനിയന്ത്രിതമായി ഉയരുന്നതു തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly